24059
14/11/17

File No.LBRD-C3/115/2017-LBRD

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - പാലക്കാട് പെരുമാട്ടിയിലും തിരുവനന്തപുരത്ത് വാമനപുരത്തും ആരംഭിച്ച ഐ.ടി.ഐ. കളിൽ അനുവദിച്ച ട്രേഡുകളിൽ അധിക യൂണിറ്റ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

G.O.(Ms)No. 100/2017/LBR തീയതി,തിരുവനന്തപുരം, 10/11/2017

---

പരാമർശം:- 1.01.08.2017 ലെ ജി.ഒ (എം.എസ്)നം.56/17/തൊഴിൽ നമ്പർ ഉത്തരവ്.

2. ട്രെയിനിംഗ് ഡയറക്ടറുടെ 04.08.2017ലെ ഐ4/20163/17 നമ്പർ കത്ത്.

**ഉത്തരവ്**

സൂചന 1 ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ വാമനപുരത്ത് പ്ലംബർ. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീ ട്രേഡുകളുടെ ഒരോ യൂണിറ്റും പാലക്കാട് ജില്ലയിലെ പെരുമാട്ടിയിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) മെക്കാനിക്കൽ അഗ്രിക്കൾച്ചർ മെഷീനറി എന്നീ രണ്ടു ട്രേഡുകളുടെ ഒരോ യൂണിറ്റും ഐ.ടി.ഐയുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകളോടും കൂടി പുതിയ സർക്കാർ ഐ.ടി.ഐകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പറഞ്ഞ ഒരോ ഐ.ടി.ഐ ലേയ്ക്കും 4 യൂണിറ്റുകളിൽ പരിശീലനം നൽകുന്നതിനായി 4 വീതം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകൾ സൃഷ്ടിച്ചെങ്കിലും ഒരോ യൂണിറ്റ് മാത്രമാണ് മേൽ പറഞ്ഞ ഉത്തരവ് പ്രകാരം അനുവദിച്ചത്. ട്രേഡുകൾക്ക് നാഷണൽ കൗൺസിൽ ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.ടി) -ന്റെ അംഗീകാരം ലഭിക്കുന്നതിന് ഒരോ ട്രേഡിനും 2 യൂണിറ്റ് വീതം ആവശ്യമാണ്.ആയതിനാൽ വാമനപുരത്തും പെരുമാട്ടിയിലും സൂചന 1 പ്രകാരം അനുവദിച്ച ട്രേഡുകളിൽ ഒരോ യൂണിറ്റ് വീതം കൂടി അനുവദിച്ച് മേൽ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ട്രെയിംഗ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് പെരുമാട്ടിയിലും തിരുവനന്തപുരത്ത് വാമനപുരത്തും ആരംഭിച്ച സർക്കാർ ഐ.ടി.ഐ. കളിൽ അനുവദിച്ച ട്രേഡുകളിൽ ഓരോ യൂണിറ്റുവീതം (ആകെ 2 യൂണിറ്റുകൾ) അധികമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
TOM JOSE
ADDITIONAL CHIEF SECRETARY

ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (10.10.2017 ലെ 416390/H&L-A1/77/2017/Fin.)
പൊതുഭരണ (എസ്.സി) വകുപ്പ്.( ഇനം നമ്പർ 1602)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Bindu
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 08-11-2017

ഫയൽ നം.സി3/115/2017/തൊഴിൽ ഇനം നം: 1602

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - പാലക്കാട് പെരുമാട്ടിയിലും തിരുവനന്തപുരത്ത് വാമനപുരത്തും ആരംഭിച്ച ഐ.ടി.ഐ.-കളിൽ അനുവദിച്ച ട്രേഡുകളിൽ അധിക യൂണിറ്റ് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

Issue order

8/XI/17

9/11

1602

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | : C3/115/2017/തൊഴിൽ |
| 2. വകുപ്പ് | : തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3. വിഷയം | പാലക്കാട് പെരുമാട്ടിയിലും തിരുവനന്തപുരത്ത് വാമനപുരത്തും ആരംഭിച്ച ഐ.ടി.ഐകളിൽ അനുവദിച്ച ട്രേഡുകളിൽ അധിക യൂണിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 28/10/2017 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : ഉണ്ട് |
| ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. ആർ. താരാദേവി |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. ടോം ജോസ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 01/11/2017 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. കെ. എം. എബ്രഹാം |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 03/11/2017 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 05/11/2017 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 06/11/2017 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പാലക്കാട് പെരുമാട്ടിയിലും തിരുവനന്തപുരത്ത് വാമനപുരത്തും ആരംഭിച്ച ഐ.ടി.ഐകളിൽ അനുവദിച്ച ട്രേഡുകളിൽ അധിക യൂണിറ്റ് അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) 01/08/2017 -ലെ സ.ഉ(കൈ) 56/17/തൊഴിൽ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ വാമനപുരത്ത് പ്ലംബർ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീ ട്രേഡുകളുടെ ഒരോ യൂണിറ്റും പാലക്കാട് ജില്ലയിലെ പെരുമാട്ടിയിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) മെക്കാനിക്കൽ അഗ്രിക്കൾച്ചർ മെഷീനറി എന്നീ രണ്ട് ട്രേഡുകളുടെ ഒരോ യൂണിറ്റും ഐ.ടി.ഐയുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകളോടും കൂടി പുതിയ സർക്കാർ ഐ.ടി.ഐകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പറഞ്ഞ ഒരോ ഐ.ടി.ഐ ലേയ്ക്കും 4 യൂണിറ്റുകളിൽ പരിശീലനം നൽകുന്നതിനായി 4 വീതം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകൾ സൃഷ്ടിച്ചെങ്കിലും ഒരോ യൂണിറ്റ് മാത്രമാണ് മേൽ പറഞ്ഞ ഉത്തരവ് പ്രകാരം അനുവദിച്ചത്. ട്രേഡുകൾക്ക് നാഷണൽ കൗൺസിൽ ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.ടി) -ന്റെ അംഗീകാരം ലഭിക്കുന്നതിന് ഒരോ ട്രേഡിനും 2 യൂണിറ്റ് വീതം ആവശ്യമാണ്. ആയതിനാൽ വാമനപുരത്തും പെരുമാട്ടിയിലും ജി.ഒ.(എം.എസ്) നം. 56/17/തൊഴിൽ ഉത്തരവ് പ്രകാരം അനുവദിച്ച ട്രേഡുകളിൽ ഒരോ യൂണിറ്റ് വീതം കൂടി അനുവദിച്ച് മേൽ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ട്രെയിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"LBRD-C3/115/2017-LBRD എന്ന ഫയലിലെ കുറിപ്പ് 10 പ്രകാരം പാലക്കാട് ജില്ലയിലെ പെരുമാട്ടിയിലും , തിരുവനന്തപുരം ജില്ലയിലെ വാമനപുരത്തും അനുവദിച്ച സർക്കാർ ഐ.ടി.ഐകളിൽ അനുവദിച്ച ട്രേഡുകളിൽ ഒരോ യൂണിറ്റ് വീതം അധികം (ആകെ 2 യൂണിറ്റുകൾ) ആരംഭിക്കുന്നതിനുള്ള അനുമതി ഭരണവകുപ്പിന് നൽകുന്നു. "*

4) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

പെരുമാട്ടിയിലും വാമനപുരത്തും പുതുതായി ആരംഭിച്ച ഐ.ടി.ഐകളിൽ അനുവദിച്ചിട്ടുള്ള 2 ട്രേഡുകളിൽ ഒരോ യൂണിറ്റ് വീതം അധികമായി ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണോ?